LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ആഗസ്റ്റ് 8, വെള്ളി

വാല്യം CXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 37

നിയമസഭ 2003 ആഗസ്റ്റ് മാസം 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ചോദ്യം നമ്പർ 884

കെ.എസ്.എഫ്.ഇ. ചിറ്റാളന്മാർക്ക് നൽകുന്ന പ്രോൽസാഹനങ്ങൾ

*1 [884] ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. അച്ചുതൻ:
,, കെ. സി. വേണുഗോപാൽ:
,, എം. മുരളി:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. നടത്തുന്ന ചിട്ടികളിൽ ചേരുന്ന ചിറ്റാളന്മാർക്ക് എന്തെല്ലാം പ്രോൽസാഹനം നൽകിവരുന്നു;

(ബി) ഇതിന്റെ ഫലമായി ചിട്ടി ബിസിനസ്സിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ;

(സി) ചിട്ടി പിടിക്കുന്ന ആൾ മരണപ്പെടുന്ന പക്ഷം ആ ആൾ തുടർന്നു അടയ്ക്കാനുള്ള ചിട്ടിത്തവണകൾ അടയ്ക്കേണ്ടതില്ലെന്ന് കെ.എസ്.എഫ്.ഇ. തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതു നടപ്പാക്കിയോ; എങ്കിൽ എന്നു മുതൽ എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ,

(എ) കെ.എസ്.എഫ്.ഇ. 1975-ലെ കേരള ചിട്ടി ആക്റ്റിന് വിധേയമായി ചിട്ടികൾ നടത്തുന്നതുകൊണ്ട് പ്രത്യേക ആനുകൂല്യങ്ങൾ നൽകാൻ നിർവ്വാഹമില്ല. എന്നാൽ കെ.എസ്.എഫ്.ഇ. ചിട്ടികളെ സ്റ്റാമ്പ് ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ കുറി സംഖ്യ കൈപ്പറ്റുവാൻ ജാമ്യ ഉടമ്പടി തയ്യാറാക്കുന്നതിന് സ്റ്റാമ്പ് പേപ്പർ ആവശ്യമില്ല.

(ബി) ഇതുമൂലം ബിസിനസ്സിൽ വർദ്ധന ഉണ്ടായിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

ശ്രീമതി മേഴ്സി രവി: സർ, കെ.എസ്.എഫ്.ഇ.-യിൽ ഗവൺമെന്റിന്റെ ഷെയർ 3 കോടി രൂപ മാത്രമാണ്. 3,000 കോടി രൂപയുടെ ബിസിനസ്സാണ് ഇന്ന് കെ.എസ്.എഫ്.ഇ.-യിൽ നടക്കുന്നത്. ഇതിൽ സർവ്വീസ് ചാർജ്, ഗ്യാരന്റി കമ്മീഷൻ തുടങ്ങിയ ഇനങ്ങളിൽ 30 കോടി രൂപ ഗവൺമെന്റ് കെ.എസ്.എഫ്.ഇ.-യിൽനിന്ന് പിരിച്ചെടുക്കുന്നുണ്ട്. കൺസ്യൂമറിൽ നിന്ന് അല്ലെങ്കിൽ ചിറ്റാളന്മാരിൽനിന്നാണ് ഈ തുക നമ്മൾ പിരിച്ചെടുക്കുന്നത്. അതിൽ ഗ്യാരന്റി കമ്മീഷൻ ഗവൺമെന്റ് വേണ്ടായെന്ന് വച്ചാൽത്തന്നെ ചിട്ടിയിൽ ചേർന്ന ആളുകൾക്ക് അത്രയും കുറഞ്ഞ പലിശ ഗവൺമെന്റിന് കൊടുത്താൽ മതിയാകും. ഇതിനെ കുറിച്ച് ആലോചന നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: 3 കോടി രൂപയല്ല 10 കോടി രൂപയാണ്. 3 കോടി രൂപ യായിരുന്നു ഇപ്പോൾ 10 കോടി രൂപ ആക്കിയിട്ടുണ്ട്. ചിറ്റാളന്മാരിൽനിന്ന് വലിയ പലിശ പിരിക്കുന്നില്ല. ഇപ്പോൾ 7 ശതമാനം പലിശയേയുള്ളൂ. അതിൽനിന്ന് കുറവു ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീമതി മേഴ്സി രവി: ചിറ്റാളന്മാർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ? കാരണം ഇന്ന് ഒരു കുറി ചേർന്നു കഴിഞ്ഞ് ഒരാൾ മരണപ്പെട്ടു പോയാൽ അയാളുടെ കുടുംബം അല്ലെങ്കിൽ ഗ്യാരന്റി നിൽക്കുന്ന ആളുകൾ ആ ബാദ്ധ്യത തിരിച്ച് അടയ്ക്കേണ്ട സ്ഥിതിവിശേഷമുണ്ട്. ഇതിനൊരു ഇൻഷ്വറൻസ് ഏർപ്പെടുത്തുക യാണെങ്കിൽ ഈ സ്ഥിതിവിശേഷം ഒഴിവാക്കാൻ കഴിയും. അതുകൊണ്ട് ഇൻഷ്വറൻസിനെ കുറിച്ച് ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇൻഷ്വറൻസിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. എൽ.ഐ.സി.-യുമായിട്ട് ഒരു എം.ഒ.യു. ഒപ്പിട്ടിട്ടുണ്ട്.

ശ്രീ. സി. പി. മുഹമ്മദ്: സർ, One time settlement മുഖേന പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക സംഖ്യ പിരിച്ചെടുക്കാനുള്ള ഒരു പദ്ധതി കെ.എസ്.എഫ്.ഇ. പരീക്ഷി ച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ One time settlement മുഖേന കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: One time settlement നിർത്തലാക്കിയിരുന്നു. One time settlement ഇപ്പോൾ ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചിട്ടുണ്ട്. 25 ശതമാനം പിഴപ്പലിശയിൽ കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. ആർ.ആർ. കേസിനും നോൺ ആർ. ആർ. കേസിനും ഇതിപ്പോൾ ബാധകമാക്കിയിട്ടുണ്ട്. ഇതുകൊണ്ട് കഴിഞ്ഞ കൊല്ലം പന്ത്രണ്ടരകോടി രൂപ കൂടുതലായി കളക്ട് ചെയ്യാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. സി. പി. മുഹമ്മദ്: റിസർവ് ബാങ്ക് നിർദ്ദേശപ്രകാരം ഇതര ധനകാര്യ സ്ഥാപനങ്ങളും ബാങ്കുകളും പലിശനിരക്ക് ഗണ്യമായി കുറച്ചു. കെ.എസ്.എഫ്.ഇ.-യിലെ പലിശ കൂടുതലാണെന്നും ഇത് ഒരുതരം ബ്ലെയ്ഡ് കമ്പനിയാണെന്നുമുള്ള ആരോപണം നിലവിലുണ്ട്. അതുപോലെതന്നെ ചിട്ടി പിടിച്ചവർക്ക് സമയത്തിന് പണം ലഭിക്കുന്നില്ല എന്നുള്ള പരാതിയുമുണ്ട്. ഇവയ്ക്ക് ഗവൺമെന്റ് പരിഹാരമുണ്ടാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: ഇപ്പോൾ 7 ശതമാനം പലിശയാണ്. 13 ശതമാനം പലിശയുണ്ടായിരുന്നത് 7 ശതമാനമാക്കി ചുരുക്കിയിട്ടുണ്ട്. ബ്ലെയ്ഡ് കമ്പനികളിലൊക്കെ 36 ശതമാനം, 18 ശതമാനം, 24 ശതമാനമൊക്കെയാണ്. മുമ്പ് ഇങ്ങനെ ആക്ഷേപമുണ്ടായിരുന്നു. ഇപ്പോൾ അതിനെക്കുറിച്ച് ആക്ഷേപമില്ല.

ശ്രീ. കെ. സി. വേണുഗോപാൽ: ചിറ്റാളന്മാരെ സംബന്ധിച്ചും അവരുടെ ആനുകൂല്യങ്ങളെ സംബന്ധിച്ചും കെ.എസ്.എഫ്.ഇ.-യുമായി മന്ത്രി ചർച്ച നടത്തിയിട്ടുണ്ടോ; ഈ ചർച്ചയിലെ വിശദാംശങ്ങൾ എന്തൊക്കെയായിരുന്നു; എന്തൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ചിറ്റാളന്മാരെ സംബന്ധിച്ചിടത്തോളം അവർക്ക് വേണ്ടിയിരുന്നത് കുറി പെട്ടെന്ന് കിട്ടാനുള്ള അവസരമാണ്. അതിനവർക്ക് ജാമ്യം കെ.എസ്.എഫ്.ഇ.-യിലെ ഉദ്യോഗസ്ഥന്മാരുടെയോ അല്ലെങ്കിൽ പുറമെയുള്ള ഉദ്യോഗസ്ഥന്മാരുടെയോ അല്ലെങ്കിൽ ഗോൾഡ് സെക്യൂരിറ്റി അല്ലെങ്കിൽ കൊളാറ്ററൽ സെക്യൂരിറ്റിയോ മതി. വളരെ ലളിതമാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ കുറി കിട്ടിയാൽ പണം കിട്ടാൻ പ്രയാസമില്ല.

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങ് പറഞ്ഞു, ഇവിടെ ഒ.റ്റി.എസ്. നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന്. ഇത് എന്നു മുതൽ നടപ്പിലാക്കാനാണ് തീരുമാനിച്ചത്; എന്തൊക്കെയാണ് ഒ.റ്റി.എസ്.-ന്റെ വ്യവസ്ഥകൾ; എത്ര ശതമാനം ചിറ്റാളന്മാർക്കാണ് ഇതുമൂലം ആനുകൂല്യം ലഭിക്കുക എന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഒ.റ്റി.എസ്. എന്നു പറയുന്നത് ചിട്ടി കിട്ടുകയും പണം വാങ്ങിക്കുകയും ചെയ്തതിനുശേഷം അടയ്ക്കാൻ ബാക്കി വരുത്തി പിഴപ്പലിശയുമായിട്ട് ഒരു കാരണവശാലും കിട്ടാൻ നിവൃത്തിയില്ലാതെ വരുമ്പോൾ One time settlement-നുവേണ്ടി ആവശ്യപ്പെടുന്നു.അങ്ങനെ One time settlement-നുവേണ്ടി നിർദ്ദേശിച്ചിരുന്നത് അടുത്ത കാലത്ത് നിർത്തലാക്കിയിരുന്നു, ഇപ്പോൾ ആഗസ്റ്റ് മുതൽ അത് പുനരുജ്ജീവിപ്പിച്ചു. അതുകൊണ്ട് ഉണ്ടാകാവുന്ന ഒരു പ്രത്യേക ഗുണം എന്നു പറയുന്നത് 25 ശതമാനം പിഴപ്പലിശയിൽനിന്ന് ഒഴിവാക്കി കൊടുത്തതുകൊണ്ട് One time settlement നടത്താൻ അവർക്കൊരു അവസരം കൊടുക്കും. ആ ആനുകൂല്യം കൊടുക്കുന്നത് അവർക്ക് ഉപകാരപ്രദമായിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് കഴിഞ്ഞ വർഷം പന്ത്രണ്ടരകോടി രൂപ ഇതിൽനിന്ന് കിട്ടാൻ സാധിച്ചുവെന്ന്.

ശ്രീ. എം. മുരളി: കേരളത്തിൽ ദേശസാൽകൃത ബാങ്കുകൾ സി.ഡി. റേഷ്യോയിൽ ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തോട് കാണിക്കുന്ന അവഗണനയും വിമുഖതയും കാരണം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഉള്ള ഏക ആശ്രയ കേന്ദ്രമാണ് കെ.എസ്.എഫ്.ഇ. അതുകൊണ്ട് കെ.എസ്.എഫ്.ഇ. നടത്തുന്ന ചിട്ടികൾ സ്ഥിരവരുമാനക്കാരായ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും മാത്രമല്ല, സാധാരണക്കാർക്കും പാവപ്പെട്ടവർക്കുംകൂടി പ്രാപ്യമാകത്തക്കനിലയിൽ ഇതിന്റെ വ്യവസ്ഥകൾ ലളിതവൽക്കരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: മറ്റ് ചിട്ടികളിൽനിന്ന് കെ.എസ്.എഫ്.ഇ.-യുടെ ചിട്ടി വ്യവസ്ഥ വളരെ ലളിതമാണ്. ലളിതമെന്ന് പറയാനുള്ള പ്രത്യേക കാരണം, ഇപ്പോൾ കെ.എസ്.എഫ്.ഇ. അംഗീകരിച്ച സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ ജാമ്യം മതി,

ഉദ്യോഗസ്ഥന്മാരുടെ സ്വത്ത് ജാമ്യം, ഫിക്സഡ് ഡെപ്പോസിറ്റ് ജാമ്യം, നാഷണൽ സേവിംഗ്സ് ഡെപ്പോസിറ്റിന്റെ ജാമ്യം, കിസാൻ വികാസ് പത്രികയുടെ ജാമ്യം, ബാങ്ക് ഗ്യാരന്റി, സ്വർണ്ണം ഇവയിലേതെങ്കിലും ഒന്ന് ഉണ്ടായാൽ മതി. വ്യവസ്ഥകൾ ലളിതമാക്കിയിട്ടുണ്ട്. ഇപ്പോൾ ദിവസക്കുറിയും മാസക്കുറിയും ആഴ്ചക്കുറിയുമൊക്കെ തുടങ്ങാൻവേണ്ടി ആലോചിക്കുന്നുണ്ട്.

ശ്രീ. എം. മുരളി: കെ.എസ്.എഫ്.ഇ.-യുടെ കൂടുതൽ ബ്രാഞ്ചുകൾ ആരംഭിച്ചുകൊണ്ട് ഞാൻ ആദ്യത്തെ ചോദ്യത്തിൽ അങ്ങയോട് ആവശ്യപ്പെട്ടതുപോലെ ജമ്മുകാശ്മീർ, ഹരിയാന, പഞ്ചാബ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ട് കേരളത്തിൽ ചിട്ടി നടത്തുന്ന സ്വകാര്യ കമ്പനികളെ അതിജീവിക്കത്തക്കനിലയിൽ കെ.എസ്.എഫ്.ഇ. ചിട്ടികൾ പുനരാവിഷ്കരിക്കാൻ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: കെ.എസ്.എഫ്.ഇ.-യ്ക്ക് ഇപ്പോൾ 3,571 കോടി രൂപയുടെ വാർഷിക ബിസിനസ്സുണ്ട്. ഈ സ്ഥാപനത്തിൽ 3,200 പേർക്ക് നേരിട്ടും അല്ലാതെയും ജോലിയുണ്ട്, 230 ബ്രാഞ്ചുണ്ട്. ഇപ്പോൾ 26 ബ്രാഞ്ച് കൂടുതൽ കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യം, ഇവിടുത്തെ സ്വകാര്യ കുറി കമ്പനിക്കാർ ഹരിയാനയിലും കാശ്മീരിലും പോയി രജിസ്റ്റർ ചെയ്തുകൊണ്ട് ഒരു അക്കൗണ്ടബിലിറ്റിയുമില്ലാതെ കേരളത്തിൽ വന്ന് കുറി തുടങ്ങിക്കൊണ്ട് അതിന് ഡെപ്പോസിറ്റില്ലാതെ, ഗ്യാരന്റി ഇല്ലാതെ നടത്തുന്ന കാര്യങ്ങളെക്കുറിച്ചാണ്. അതുകൊണ്ടാണ് സ്വകാര്യ കുറി കമ്പനികളെ സംബന്ധിച്ചിടത്തോളം അത് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽക്കൂടിപോലും 20 ശതമാനത്തിലധികം കുറിക്കാർ, വരിക്കാർ കേരളത്തിൽനിന്ന് ഉണ്ടാകണമെന്നുള്ള വ്യവസ്ഥ കൊണ്ടുവന്നത്. അത് ഇവിടുത്തെ സ്വകാര്യ കുറി കമ്പനിക്കാരെ സംബന്ധിച്ചിടത്തോളം കുറച്ച് വിഷമങ്ങളുണ്ടാക്കിയിട്ടുണ്ട് എന്ന് പരാതി കിട്ടിയിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ വച്ചിട്ടുണ്ട്. സ്വകാര്യ കുറി കമ്പനിക്കാരും ഈ കമ്മിറ്റിയുമായിട്ട് ആലോചിച്ച് കഴിഞ്ഞതിനുശേഷം cordial ആയിട്ടുള്ള ഒരു തീരുമാനമെടുക്കുന്നതായിരിക്കും.

ശ്രീ. ഇ. എം. അഗസ്തി: കേരളത്തിന് പുറത്ത് രജിസ്റ്റർ ചെയ്യപ്പെടുകയും പൂർണ്ണമായും വരിക്കാരെ ചേർത്ത് ബിസിനസ്സ് നടത്തുകയും ചെയ്യുന്ന സ്വകാര്യ ചിട്ടി കമ്പനികളാണ് കെ.എസ്.എഫ്.ഇ.-യ്ക്ക് പ്രധാനമായും വെല്ലുവിളി. കെ.എസ്.എഫ്.ഇ. നേരിടുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അനധികൃതമായി ഇപ്രകാരം നടത്തപ്പെടുന്ന ചിട്ടി കമ്പനികളെ നിയന്ത്രിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇപ്പോൾത്തന്നെ ഈ സ്വകാര്യ കുറി കമ്പനിക്കാർക്കുള്ള ആക്ഷേപം ഹരിയാനയിലും കാശ്മീരിലുമൊക്കെ രജിസ്റ്റർ ചെയ്ത അവർക്ക് കേരളത്തിൽ വേണ്ടവിധത്തിൽ പഴയപോലെ കുറി നടത്താനുള്ള അനുവാദം നിഷേധിക്കപ്പെട്ടിരിക്കുന്നു എന്നാണ്. ആ ആക്ഷേപം വരാനുണ്ടായ പ്രധാന കാരണം പഴയ ചെറിയ കുറി കമ്പനികൾ, പഴയതല്ല, മുമ്പ് മലബാറിൽ ഒരു കുറി ആക്ടുണ്ടായിരുന്നു, കൊച്ചിയിൽ രണ്ട് ആക്റ്റുണ്ടായിരുന്നു. തിരുവനന്തപുരത്ത് വേറെ ആക്റ്റുണ്ടായിരുന്നു. ഇതെല്ലാംകൂടി ഏകീകരിച്ചുകൊണ്ടാണ് 1975-ൽ യുണൈറ്റഡ് ആക്റ്റായിട്ട് കേരള കുറീസ് ആക്റ്റ് കൊണ്ടുവന്നത്. സ്വകാര്യ കുറിക്കാർക്ക് വേണ്ടത്, നിർബാധം അവർക്ക് കാര്യങ്ങൾ ചെയ്യാനുള്ള അവസരമാണ്. ഗവൺമെന്റ് അത് സമ്മതിച്ചിട്ടില്ല. പക്ഷേ അത് കെ.എസ്.എഫ്.ഇ.-യ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒരു വെല്ലുവിളിയായിട്ടല്ല. അവർ പറയുന്നത് കെ.എസ്.എഫ്.ഇ.-യാണ് ഇപ്പോൾ അവർക്ക് വെല്ലുവിളി എന്നുള്ളതാണ്. അതുകൊണ്ട് സ്വകാര്യ കുറിക്കമ്പനികളെ സംബന്ധിച്ച് അവരുടെ ആവശ്യങ്ങളുണ്ട്, അത് സംബന്ധിച്ച് പല എം.എൽ.എ.-മാരും പല നിവേദനങ്ങളും തന്നിരുന്നു. അതിനെക്കുറിച്ച് തീർച്ചയായിട്ടും നേരത്തെ പറഞ്ഞ കമ്മിറ്റിയുമായി ആലോചിക്കും. ഏതായാലും കെ.എസ്.എഫ്.ഇ.-യെ സംബന്ധിച്ചിടത്തോളം അതൊരു വെല്ലുവിളി അല്ലാതെ നോക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. ഇ. എം. അഗസ്തി: എന്റെ ചോദ്യം, സ്വകാര്യ ചിട്ടികൾ നടത്തുന്ന ആളുകളുടെ ആവശ്യങ്ങളും ആവലാതികളുമല്ല. കെ.എസ്.എഫ്.ഇ.-യെ എങ്ങനെ സംരക്ഷിക്കാമെന്നാണ്. കേരളത്തിലെ സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി, കെ.എസ്.എഫ്.ഇ.-യെ സംരക്ഷിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി പരാമർശിച്ച ചിട്ടി ആന്റ് കുറീസ് ആക്റ്റ് വന്നിട്ടും സാധിക്കുന്നില്ല. കെ.എസ്.എഫ്.ഇ.-യ്ക്ക് പരിരക്ഷ ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. കെ.എസ്.എഫ്.ഇ.-യ്ക്ക് പരിരക്ഷ ലഭ്യമാക്കുന്നതിനും കേരളത്തിലെ സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ ആദ്യത്തെ ചോദ്യം. ആ ചോദ്യത്തിനാണ് എനിക്ക് മറുപടി വേണ്ടത്.

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ കെ.എസ്. എഫ്.ഇ.-യ്ക്ക് ഇതുകൊണ്ട് യാതൊരു കുഴപ്പവും വന്നിട്ടില്ല. എന്താണ് കുഴപ്പമെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർ സ്പെസിഫിക് ആയിട്ട് ചോദിച്ചാൽ സ്പെസിഫിക് ആയിട്ട് മറുപടി പറയാം.

മി. സ്പീക്കർ: ആരോ ഇതിനകത്ത് മൊബൈൽ ഫോൺ കൊണ്ടുവന്നു. ഇത് വളരെ തെറ്റാണ്. ഇത് contempt to the House ആണ്. വളരെ സീരിയസ് ആയിട്ട് ആക്ഷൻ എടുക്കേണ്ടിവരും. മേലാൽ ഒരു അംഗവും ദയവു ചെയ്ത് ഇതിനകത്ത് മൊബൈൽ ഫോൺ കൊണ്ടുവരരുത്. It is an insult to the House.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ചിറ്റാളന്മാർക്ക് കൂടുതൽ പ്രോൽസാഹനവും കൂടുതൽ അട്രാക്ഷനുമൊക്കെ ഉണ്ടാകുന്ന വിധത്തിൽ കെ.എസ്.എഫ്.ഇ.-യുടെ ബിസിനസ്സിൽ ആവശ്യമായ വർദ്ധനവും വിപുലീകരണവും ഉണ്ടാകണം. ഇതിൽ പ്രധാനമായത് ഇതിന്റെ വായ്പ-നിക്ഷേപ കാര്യങ്ങളാണ്. കൂടുതൽ നിക്ഷേപം സ്വീകരിച്ചുകൊണ്ട് കൂടുതൽ വായ്പ എന്ന ഒരു സമീപനം സ്വീകരിക്കണം. എന്റെ ചോദ്യം കേരളാ ഗവൺമെന്റ് നിയമം പാസ്സാക്കി. സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള നിർവ്വചനത്തിൽ തൊഴിലാളി ക്ഷേമനിധി ബോർഡുകളൊക്കെ കേരളത്തിലുണ്ട്. കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തുടങ്ങി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരെ അഞ്ഞൂറ് കോടിയിൽപ്പരം രൂപ വിവിധ നാഷണലൈസ്ഡ് ബാങ്കുകളിൽ, ഷെഡ്യൂൾഡ് ബാങ്കുകളിൽ നിക്ഷേപമായിട്ട് കിടക്കുകയാണ്. കെ.എസ്.എഫ് ഇ.-യിൽ അവർക്ക് ഇത് നിക്ഷേപിക്കുവാൻ ഇന്ന് നിയമ തടസ്സങ്ങളുണ്ട്. ആ തടസ്സം നീക്കിയാൽ കൂടുതൽ തൊഴിലാളി ബോർഡുകൾക്ക് കൂടുതൽ പലിശ എന്നുള്ള രീതിയിൽ കൂടുതൽ പണം ലഭിക്കുകയും ചെയ്യും. അതുകൊണ്ട് അതിനുള്ള നിയമ വ്യവസ്ഥ ഉണ്ടാക്കുകയും കെ.എസ്.എഫ്.ഇ.-യിൽ നിക്ഷേപിക്കുവാൻ വേണ്ട അവസരവും ഒരുക്കുകയും ചെയ്യുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: സർ, അതിനെക്കുറിച്ച് ആലോചിച്ച് പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഷിബു ബേബിജോൺ: ഇവിടെ ബ്ലേഡ് കമ്പനികളേക്കാൾ പലിശ കുറച്ചാണ് ഇപ്പോൾ കെ.എസ്.എഫ്.ഇ. പ്രവർത്തിക്കുന്നതെങ്കിലും ഇതിന്റെ സത്യാവസ്ഥ എന്നു പറഞ്ഞാൽ സാധാരണക്കാർക്ക് ഫലപ്രദമായി ഇപ്പോഴും ഇത് പ്രയോജനപ്പെടുന്നില്ല. നാട്ടിൻപുറത്ത് സ്വകാര്യ കുറികൾ നിരോധിച്ചു എന്നു പറഞ്ഞാലും നാട്ടിൻപ്രദേശത്ത് ദിവസച്ചിട്ടി നടക്കുകയാണ്. 95 രൂപ രാവിലെ കൊടുക്കും. 100 രൂപ വൈകിട്ട് പിരിച്ചു കൊണ്ടുപോകുന്ന സംവിധാനമാണ് കേരളത്തിൽ നിലനിൽക്കുന്നത്. അതുകൊണ്ട് ഇത് താഴെത്തട്ടിലേയ്ക്ക് വ്യാപിപ്പിക്കുവാൻവേണ്ടി ഒന്നുകിൽ ചെറിയ ചിട്ടികൾ—ഇപ്പോൾ ഉള്ളതിൽനിന്ന് തോത് കുറച്ചുള്ള ചെറിയ ചിട്ടികൾ ആരംഭിക്കണം. ഇപ്പോൾത്തന്നെ പിഴപ്പലിശ, വൺ ടൈം സെറ്റിൽമെന്റ് ഒക്കെയുണ്ട്. മനഃപൂർവ്വം ഇത് കൊടുക്കാതിരിക്കുന്നത് വളരെ അപൂർവ്വം ആൾക്കാരാണ്. മറ്റൊരു പ്രയാസം വന്നാൽ, അടയ്ക്കാൻ പറ്റാതെ പോയിക്കഴിഞ്ഞാൽ പിഴപ്പലിശ ഈടാക്കും. ഉള്ള പറമ്പ് മുഴുവനും വിറ്റാലും അത് തീർക്കുവാൻ ആകാത്ത സ്ഥിതിയാണ്. ഇപ്പോൾ 25 ശതമാനമേ പിഴപ്പലിശയിൽനിന്ന് ഇളവ് ചെയ്യുകയുള്ളൂ എന്നാണ് ഗവൺമെന്റ് പറയുന്നത്. അതുമാറ്റി ഇന്നത്തെ ദേശസാത്കൃത ബാങ്കുകൾപ്പോലും പ്രിൻസിപ്പൽ എമൗണ്ടിൽ കുറവുവരെ സെറ്റിൽ ചെയ്യാറുള്ള ഈ കാലഘട്ടത്തിൽ അങ്ങനെയുള്ള നടപടികൾക്കൂടി കൈക്കൊണ്ട് ഇത് സാധാരണക്കാരന് കൂടുതൽ പ്രയോജനം ചെയ്യുന്ന ഒരു സ്ഥാപനമാക്കി മാറ്റാൻ തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ആദ്യത്തെ ഭാഗം, കുറേ കൂടി ചെറിയ തോതിലും നാട്ടിൻപുറത്ത് സാധാരണക്കാർക്ക് ഉതകുന്ന വിധത്തിലുമുള്ള കുറികൾ നടത്താൻ കെ.എസ്.എഫ്.ഇ. തയ്യാറാകുമോ എന്നാണ്. അതിനെക്കുറിച്ച് തീർച്ചയായിട്ടും ആലോചിച്ച് നമുക്ക് ഒരു തീരുമാനം എടുക്കാവുന്നതാണ്. പലിശയെ സംബന്ധിച്ചിടത്തോളം നമുക്ക് ഏഴ് ശതമാനമേയുള്ളൂ. അതിൽനിന്ന് കുറവു ചെയ്യാൻ പറ്റുമെന്ന് ഇപ്പോൾ തോന്നുന്നില്ല. പിഴപ്പലിശ എന്നു പറയുന്നത് അടയ്ക്കാത്തതുകൊണ്ട് ഉണ്ടാകുന്ന പലിശയാണ്.

ശ്രീ. എ. കെ. ബാലൻ: കേരളത്തിലെ ജനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിലും സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിലും പ്രധാന സ്ഥാനമാണ് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് ഉള്ളത്. കെ.എസ്.എഫ്.ഇ.-യുടെ വളർച്ചയുടെ പ്രധാനപ്പെട്ട ഭാഗമെന്നു പറയുന്നത് ചിട്ടി ബിസിനസ് ആണ്. ഇപ്പോഴും ചിട്ടി ബിസിനസിന്റെ 80 ശതമാനവും സ്വകാര്യ വ്യക്തികളുടെ കയ്യിലാണുള്ളത്. 20 ശതമാനം മാത്രമേ കെ.എസ്.എഫ്.ഇ.-യ്ക്ക് ഇപ്പോഴും ടാപ്പ് ചെയ്യാൻ കഴിയുന്നുള്ളൂ. ആ ഇരുപതു ശതമാനം ടാപ്പ് ചെയ്യുന്ന കെ.എസ്.എഫ്.ഇ. ആണ് കോടിക്കണക്കിന് രൂപ ഗവൺമെന്റിന് കൊടുക്കുന്നത്. 80 ശതമാനം ടാപ്പ് ചെയ്യുന്ന സ്വകാര്യ വ്യക്തികൾ പത്തുപൈസപോലും കൊടുക്കുന്നില്ല. ഒരു ലക്ഷം രൂപയുടെ ചിട്ടി കെ.എസ്.എഫ്.ഇ. തുടങ്ങുമ്പോൾ പതിനായിരം രൂപ ട്രഷറിയിലേയ്ക്കു വരികയാണ്. ഒരു ലക്ഷത്തിന് സമാനമായി ഒരു ലക്ഷം ഡിപ്പോസിറ്റും വരുകയാണ്. അങ്ങനെയുള്ള കെ.എസ്.എഫ്.ഇ.-യുടെ ബിസിനസിനെ ബാധിക്കത്തക്ക രൂപത്തിൽ വലിയ ഒരു ഗൂഢാലോചന ഇതിനെ പൊളിക്കുന്നതിനുവേണ്ടി ഇപ്പോൾ നടക്കുന്നുണ്ട് എന്നുള്ളതാണ് ഇതിന്റെ ഭാഗമായി എനിക്ക് ഓർമ്മപ്പെടുത്തുവാനുള്ളത്. അതുകൊണ്ട് സ്വകാര്യ ചിട്ടി കമ്പനികളുടെ സമ്മർദ്ദത്തിന് ഈ ഗവൺമെന്റ് വിധേയമാകാൻ പാടില്ല. ബഹുമാനപ്പെട്ട മന്ത്രി അതിന് വിധേയമായിട്ടില്ല. അതുകൊണ്ടാണ് നേരത്തെ ഇവിടെ ഭേദഗതി കൊണ്ടുവന്നത്. അതുകൊണ്ട് നമ്മുടെ ഈ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ലോ ഡിനോമിനേഷൻ ചിട്ടി കൊണ്ടുവന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

വലിയ സാമ്പത്തികനേട്ടം ഈ ഗവൺമെന്റിന് ഉണ്ടാകും. അതുകൊണ്ട് ലോ ഡിനോമിനേഷൻ ചിട്ടി statutory ആയിട്ട് തുടങ്ങുന്നതിനുള്ള, പഞ്ചായത്തുകളിൽ തുടങ്ങുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മെമ്പർ ദീർഘകാലം ഇതിന്റെ ചെയർമാനായിരുന്ന ആളാണ്. ആ കാലഘട്ടത്തിൽ അതിന് കുറച്ച് വളർച്ചയും ഉണ്ടായിട്ടുണ്ട്, അത് അംഗീകരിക്കുന്നു. അതിനേക്കാൾ അഞ്ച് ശതമാനം ഗ്രോത്ത് രണ്ടു കൊല്ലത്തിനിപ്പുറം പിന്നെയും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിധത്തിൽ ഇരുപതു ശതമാനം മാത്രമേ കെ.എസ്.എഫ്.ഇ. നടത്തുന്നുള്ളൂ. 80 ശതമാനം സ്വകാര്യ മേഖലയിൽ ആണ് നടത്തുന്നത്. അത് ഗവൺമെന്റിന്റെ വലിയ വരുമാനമാണ്. ട്രഷറിയിൽ ഡിപ്പോസിറ്റുണ്ട്. പക്ഷേ ചെറിയ ഡിനോമിനേഷൻസ് നടത്തുന്ന കാര്യത്തെ കുറിച്ച് ആലോചിച്ചിട്ടില്ല. ഉടനെതന്നെ തീരുമാനം എടുക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പലിശയും പിഴപ്പലിശയും വന്ന കേസുകളിൽ വൺ ടൈം സെറ്റിൽമെന്റ് ഗവൺമെന്റ് നടത്തുന്നുണ്ട് എന്നു പറഞ്ഞു. അത് രണ്ടും വീഴ്ച വരുത്തിയ ആളുകൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളാണ്. കൃത്യമായി ഈ പണം അടയ്ക്കുകയും ഗവൺമെന്റ് നിഷ്കർഷിക്കുന്ന, കെ.എസ്.എഫ്.ഇ. മാനേജ്മെന്റ് നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിച്ച് സത്യസന്ധമായ രൂപത്തിൽ ഈ പണം കൊടുക്കുകയും ചെയ്യുന്ന ആളുകൾക്ക് ഒരു സൗജന്യവുമില്ലായെന്ന് അങ്ങേയ്ക്ക് അറിയാമോ? അതുകൊണ്ട് അവർക്ക് വൺ ടൈം സെറ്റിൽമെന്റ് ആനുകൂല്യത്തിന്റെ ആലോഹരി വിഹിതം കിട്ടത്തക്കവിധത്തിലുള്ള നിയമ ഭേദഗതികൾ ഉണ്ടാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: അതിന് പെട്ടെന്ന് മറുപടി പറയാൻ പറ്റുകയില്ല. അത് ആലോചിച്ച് പറയാവുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: അങ്ങയുടെ മറുപടിയിലൂടെ പറഞ്ഞത് സ്വകാര്യ ചിട്ടി കമ്പനികൾ കെ.എസ്.എഫ്.ഇ.- യെ പ്രതികൂലമായി ബാധിക്കുന്നില്ല എന്നാണ്. രജിസ്റ്റർ ചെയ്യാത്ത സ്വകാര്യ ചിട്ടി കമ്പനികൾ ധാരാളമുണ്ട്. രജിസ്റ്റർ ചെയ്തതാണ് അങ്ങയുടെ ഉത്തരങ്ങളിലെല്ലാം വന്നത്. രജിസ്റ്റർ ചെയ്യാതെ നാട്ടിൻപുറത്തെ ബ്ളേഡ് കമ്പനികൾ ഉണ്ട്. ഇത്തരം നിരവധി സ്വകാര്യ ചിട്ടി കമ്പനികൾ കെ.എസ്.എഫ്.ഇ. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പ്രതികൂലമാണ്. അതുകൊണ്ട് രജിസ്റ്റർ ചെയ്യാത്ത ഇത്തരം ചിട്ടി കമ്പനികളെ നിയന്ത്രിക്കുവാൻ വ്യക്തമായ നിയമം അതിന് അനുസൃതമായ വ്യവസ്ഥയിൽ കൊണ്ടു വരാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട ഷിബു ബേബിജോൺ ഇവിടെ പറഞ്ഞ കൂട്ടത്തിൽ രാവിലെ 90 രൂപ കൊടുത്തിട്ട് വൈകുന്നേരത്തോടെ 100 രൂപ വാങ്ങുന്ന സമ്പ്രദായം നാട്ടിൻപുറത്തെ ചെറുകിട കൃഷിക്കാരുടെ മുമ്പിലുണ്ട് എന്നു പറഞ്ഞു. രജിസ്റ്റർ ചെയ്യാത്ത കുറി എന്നത് ദ്വാപര യുഗത്തിൽ തുടങ്ങിയതാണ്. അരിക്കുറി, നെല്ലുകുറി അങ്ങനെ വളരെ ദീർഘകാലമായി തുടങ്ങിയിട്ടുള്ള ചിട്ടിക്ക് രജിസ്ട്രേഷൻ ഇല്ല. അതിന്റെ രജിസ്ട്രേഷൻ എന്നു പറയുന്നത് വിശ്വാസമാണ്. അത് ഇപ്പോഴും നടന്നു വരുന്നുണ്ട്.

ശ്രീ. ജോണി നെല്ലൂർ: ഇവിടെ ചിറ്റാളന്മാർക്ക് പ്രോൽസാഹനം കൊടുക്കുന്ന നിരവധി കാര്യങ്ങളെക്കുറിച്ച് മന്ത്രി സൂചിപ്പിക്കുകയുണ്ടായി. കൂടുതൽ ബ്രാഞ്ചുകൾ അനുവദിക്കുന്ന കാര്യം പറഞ്ഞു. ചിട്ടി പിടിക്കുന്ന ആളുകൾക്ക് നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ചിട്ടിപ്പണം വാങ്ങാൻ വളരെ ബുദ്ധിമുട്ടാണ്. ആ നിയമത്തിന്റെ നൂലാമാലകൾ ലഘൂകരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: ഇപ്പോൾ ചിട്ടി കിട്ടിക്കഴിഞ്ഞിട്ടുണ്ട് എങ്കിൽ ജാമ്യം വേണം എന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇല്ലെങ്കിൽ ചിട്ടി വാങ്ങിക്കഴിഞ്ഞതിനു ശേഷം ബാക്കി പണം അടയ്ക്കുകയില്ല. അങ്ങനെ അടയ്ക്കാതെ വന്നാൽ ചിട്ടി കമ്പനിയെ അത് ബാധിക്കും. അതുകൊണ്ട് ഒന്നുകിൽ ആ കമ്പനിയിൽ ജോലിയുള്ളവരുടെ ജാമ്യം വേണം; അല്ലെങ്കിൽ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ജാമ്യം വേണം; അല്ലെങ്കിൽ കൊളാറ്ററൽ സെക്യൂരിറ്റി വേണം; അല്ലെങ്കിൽ ഭൂമി ജാമ്യം കൊടുക്കണം; അല്ലെങ്കിൽ ഗോൾഡ് ജാമ്യം കൊടുക്കണം.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: കെ.എസ്.എഫ്.ഇ. ചിറ്റാളന്മാർക്ക് നൽകുന്ന പ്രോൽസാഹനം പോലെ വളരെ പ്രധാനപ്പെട്ടതാണ് ചിറ്റാളന്മാരെ ചേർക്കുന്ന ഏജന്റുമാരുടെ സേവനം. ഏജന്റുമാരുടെ നിലവിലുള്ള ആനുകൂല്യം വെട്ടിക്കുറച്ചത് പുനഃസ്ഥാപിക്കുന്നതിനും ഏജന്റുമാരുടെ നിയമന ആനുകൂല്യങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിനും വേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഏജന്റുമാർക്ക് ഒരു ശതമാനം കമ്മീഷൻ കൊടുക്കുന്നത് എങ്ങനെയാണെന്നുവച്ചാൽ കുറിയിൽ ചേർക്കുമ്പോൾ ഒരു നറുക്കിൽ ഏകദേശം പതിനഞ്ചു ശതമാനം ആളുകളെ ചേർത്തിരിക്കണം; പതിമൂന്നു ശതമാനമായാൽ അവർക്ക് കമ്മീഷൻ കിട്ടുകയില്ല. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് പുതിയ സിസ്റ്റം മാറ്റിക്കൊണ്ട് പഴയ സിസ്റ്റത്തിലേയ്ക്കുതന്നെ കൊണ്ടുപോകാൻ പറ്റുമോ എന്നാണ്. വേണമെങ്കിൽ കൊണ്ടു പോകാം; വിരോധമില്ല.

ശ്രീ. ടി. കെ. ബാലൻ: സർ, വൺ ടൈം സെറ്റിൽമെന്റിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പരാമർശിച്ചു. ഈ വരുന്ന മാസത്തോടുകൂടി വൺ ടൈം സെറ്റിൽമെന്റിന്റെ കാലാവധി തീരുകയാണ് എന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് ഒരു വർഷത്തേയ്ക്കുകൂടെ ഈ സൗകര്യം നീട്ടുവാൻവേണ്ടി ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: തീർച്ചയായിട്ടും അത് നീട്ടുവാൻ വേണ്ടി തീരുമാനിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുകയും ചെയ്യും.

ശ്രീ. വി. ഡി. സതീശൻ: സർ, ചിട്ടി നിയമത്തിൽ വരുത്തിയ ഭേദഗതികൾമൂലം ഈ രംഗത്തെ സ്വകാര്യ കമ്പനികളുമായി കെ.എസ്.എഫ്.ഇ. കടുത്ത മൽസരത്തിൽ ഏർപ്പെടാൻ പോകുകയാണ്. മൽസരം അതിജീവിക്കുന്നതിനുവേണ്ടി നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് ഉൾപ്പെടെ ഈ മൽസരത്തെ അതിജീവിക്കാനുള്ള കാര്യങ്ങളെക്കുറിച്ച് ഗൗരവമായിട്ട് സർക്കാർ ചിന്തിച്ചിട്ടുണ്ടോ; എന്തെങ്കിലും നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: പ്രൈവറ്റ് സെക്ടറും പബ്ലിക് സെക്ടറും തമ്മിൽ ഏതു കാലഘട്ടത്തിലും കോമ്പറ്റീഷൻ ഉണ്ടാകും. ആ കോമ്പറ്റീഷൻ, കെ.എസ്.എഫ്.ഇ.-യും ഈ സ്വകാര്യ കുറി കമ്പനികളുമായിട്ടുമുണ്ട്. കെ.എസ്.എഫ്.ഇ.-യെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്ക് ഒരു വലിയ വിശ്വാസം ഉണ്ട്, ജനങ്ങളുടെ പണം നഷ്ടപ്പെടില്ലെന്നുള്ളത്. അതിൽ ഇനി അനുകൂലമായ നടപടിയുണ്ടാകണമെങ്കിൽ ആലോചിച്ച് ഉണ്ടാക്കാം; അതിന് പ്രയാസമില്ല.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീയുമായി ബന്ധപ്പെട്ട് ചില പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നു എന്നു കേട്ടിരുന്നു. കുടുംബശ്രീക്ക് കൊടുത്തിരുന്ന പണം പലപ്പോഴും വ്യക്തിപരമായി ചിട്ടി നടത്തുന്നതിന് വിനിയോഗിക്കുന്നു എന്നറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വിശ്വാസ്യത ഉറപ്പു വരുത്തുന്നതിനുവേണ്ടി കെ.എസ്.എഫ്.ഇ.-യുമായി യോജിച്ച് ഒരു പുതിയ പദ്ധതിക്ക് രൂപം കൊടുത്തു എന്നു കേട്ടിരുന്നു. കെ.എസ്.എഫ്.ഇ.-യുടെ ഹെഡ്ക്വാർട്ടേഴ്സായ തൃശ്ശൂർ ജില്ലയിൽ വ്യാപകമായി പുതിയ പദ്ധതി തുടങ്ങാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: കുടുംബശ്രീയുമായി ബന്ധപ്പെട്ടുകൊണ്ട് കെ.എസ്.എഫ്.ഇ. ഒരു പുതിയ പദ്ധതി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. അത് കുടുംബശ്രീക്കും, ഗ്രാമങ്ങളിലുമുള്ള സാധാരണക്കാർക്കും ഉപകാരപ്രദമായിരിക്കും. പ്രവർത്തനം ഉടനെ ആരംഭിക്കും.

ശ്രീ. വർക്കല കഹാർ: സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടി പിടിച്ചാലും ഇല്ലെങ്കിലും മുടക്കം വരുത്തുന്നപക്ഷം വീതപ്പലിശ കൊടുക്കാറുണ്ട്, ഫൈൻ ഈടാക്കാറുമില്ല. കെ.എസ്.എഫ്.ഇ. വീതപ്പലിശ കൊടുക്കുകയില്ലെന്നു മാത്രമല്ല ഫൈൻ ഈടാക്കുകയും ചെയ്യുന്നു. ഇതിന് മാറ്റം വരുത്താൻ കഴിയുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: സ്വകാര്യ ചിട്ടി എന്നു പറഞ്ഞാൽ കിട്ടിയാൽ കിട്ടി അല്ലെങ്കിൽ പോയി. ഇതങ്ങനെയല്ല; വളരെ ഗ്യാരന്റിയുള്ള കാര്യമാണ്. അതുകൊണ്ട് ആരുടേയും പണം ഇതിൽ നഷ്ടപ്പെടുന്നില്ല. രണ്ടും തമ്മിൽ ഉത്തരധ്രുവവും, ദക്ഷിണ ധ്രുവവുമായിട്ടുള്ള വ്യത്യാസമുണ്ട്. സ്വകാര്യ കുറി കമ്പനികളുമായി കെ.എസ്.എഫ്.ഇ.-യെ ഒരു വിധേനയും താരതമ്യപ്പെടുത്താൻ പറ്റില്ല.

ശ്രീ. പി. ജയരാജൻ: സർ, നമ്മുടെ സംസ്ഥാനത്തിന് വലിയ നിലയ്ക്ക് വരുമാനം വരുന്ന ഒന്നാണ് കെ.എസ്.എഫ്.ഇ. കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനത്തെ പരിമിതപ്പെടുത്തുന്നതിനുവേണ്ടി സ്വകാര്യ ചിട്ടി കമ്പനികൾ ഹരിയാനയിലും കാശ്മീരിലും മറ്റും രജിസ്റ്റർ ചെയ്ത് കേരളത്തിൽ പ്രവർത്തിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടിയിൽ രേഖപ്പെടുത്തുകയുണ്ടായി. എന്റെ ചോദ്യം കെ.എസ്.എഫ്.ഇ.-യുടെ ബ്രാഞ്ചുകൾ ഇൻഡ്യയുടെ മറ്റു സംസ്ഥാനങ്ങളിൽ ആരംഭിച്ചു കഴിഞ്ഞാൽ അത് കെ.എസ്.എഫ്.ഇ.-യുടെ വളർച്ചയിൽ വളരെ പ്രധാനപ്പെട്ട നടപടിയായിരിക്കും. അത്തരം എന്തെങ്കിലും നടപടികളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. കാരണം ഇപ്പോൾ നമ്മൾ കേരളത്തിൽ ഉണ്ടാക്കിയിട്ടുള്ള 1975-ലെ ആക്ട് പ്രകാരം.....സെൻട്രൽ ആക്ട് നടപ്പാക്കണമെന്ന് നമ്മൾ തീരുമാനിക്കും. സെൻട്രൽ ആക്ട് നടപ്പാക്കാത്ത 5 സംസ്ഥാനങ്ങളിൽ ഒന്ന് ഇപ്പോൾ കേരളമാണ്. എന്നിരുന്നാലും നമ്മൾ ഡൽഹി മലയാളികളുടെ അപേക്ഷപ്രകാരം ഡൽഹിയിൽ ഒരു ബ്രാഞ്ച് തുടങ്ങുന്നതിനെ കുറിച്ച് ഡൽഹി ഗവൺമെന്റുമായിട്ട് ആലോചിച്ചു വരുന്നു. പൂർണ്ണമായി ഒരു തീരുമാനത്തിൽ എത്തിയിട്ടില്ല. ഡൽഹിയിൽ ഒരു ബ്രാഞ്ച് തുടങ്ങണമെന്നുള്ളതാണ് ആഗ്രഹം. അതിനുള്ള പ്രവർത്തനം തുടർന്നു വരുന്നു.

ശ്രീ. എ. കെ. മണി: നമ്മുടെ നാട്ടിൽ ധാരാളം ചിട്ടി കമ്പനികൾ ചിട്ടി നടത്തുകയും അവസാനം ജനങ്ങളെ പറ്റിക്കുകയും ചെയ്യുന്ന ഏർപ്പാടുണ്ട്. ഉദാഹരണത്തിന് എന്റെ മണ്ഡലത്തിൽ പത്തിരുപതു വർഷമായി പ്രവർത്തിക്കുന്ന ഹൈറേഞ്ച് ട്രസ്റ്റ് എന്ന ഒരു കമ്പനി കോടിക്കണക്കിന് രൂപ ജനങ്ങളിൽനിന്ന് പിരിച്ചെടുത്തു. ഇപ്പോൾ അതിന്റെ നടത്തിപ്പുകാർ absconding ആണ്. ഈ ചിട്ടിയിൽ ചേർന്ന ആളുകളെല്ലാം പാവപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

വരാണ്. ഇതുപോലെ സമൂഹത്തെ പറ്റിക്കുന്ന ആൾക്കാരുടെ പേരിൽ നടപടിയെടുക്കാൻ നിയമമുണ്ട്. ആ നിയമം കൂടുതൽ ശക്തമാക്കുകയും അവരുടെ മേൽ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇമ്മാതിരിയുള്ള ചിട്ടി കമ്പനികളൊക്കെ ആളുകളെ പറ്റിക്കുന്നതിന് പോലീസിൽ കേസ് കൊടുത്ത് പോലീസ് കേസ് എടുക്കുന്നുണ്ട്. അല്ലാതെ കെ.എസ്.എഫ്.ഇ.-യ്ക്ക് ഇതിൽ ഒന്നും ചെയ്യാൻ കഴിയില്ല.

ശ്രീ. രാജു എബ്രഹാം: ഇത് കലിയുഗമാണ്. വൻലാഭമുള്ള കെ.എസ്.എഫ്.ഇ. ഇപ്പോൾ സ്വകാര്യ കമ്പനികളുമായി റ്റൈ അപ്പ് ഉണ്ടാക്കിയിരിക്കുന്നു എന്നാണ് വാർത്ത. വൻലാഭമുള്ള കമ്പനി ഇത്തരം സ്വകാര്യ കമ്പനികളുമായി റ്റൈ അപ്പ് ഉണ്ടാക്കുന്നതിൽ എന്തെങ്കിലും മെച്ചമുണ്ടോ; അത് സംബന്ധിച്ച് എന്തെങ്കിലും അഴിമതിയോ, ആക്ഷേപങ്ങളോ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: കലിയുഗമാണെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം കേട്ടപ്പോൾ മനസ്സിലായി. സ്വകാര്യ കമ്പനികളുമായിട്ട് അങ്ങനെ റ്റൈ അപ്പ് ഒന്നും ഇല്ല. ഇതൊക്കെ വളരെ സുതാര്യമായിട്ടേ നടത്താൻ പറ്റുകയുള്ളൂ.

ശ്രീ. ഡി. സുഗതൻ: ചിറ്റാളന്മാരുടെ സൗകര്യത്തിനുവേണ്ടി 'സുഗമ അക്കൗണ്ട്' എന്നൊരു സംവിധാനം കെ.എസ്.എഫ്.ഇ.-യിൽ ഉള്ളതായിട്ട് അറിയാൻ കഴിഞ്ഞു. അതിന്റെ അക്കൗണ്ടിൽ പണം ഇട്ടു കഴിഞ്ഞാൽ ചിറ്റാളന്മാരുടെ തവണ അതിൽ അഡ്ജസ്റ്റ് ചെയ്യും. പലപ്പോഴും അതിന് അപേക്ഷിച്ചു കഴിഞ്ഞാൽ കൃത്യമായി ചെയ്യാറില്ല. അതിനെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; അതിനൊരു പരിഹാരമുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: സുഗമ എന്ന പരിപാടി ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. 5% ആണ് ഇന്ററസ്റ്റ് കൊടുക്കുന്നത്. ഇതിൽ നല്ല ഡിപ്പോസിറ്റ് വരുന്നുണ്ട്. സുഗമ എസ്.ബി. എന്നിവയിൽ 1,426 കോടി ഉറുപ്പിക ഡിപ്പോസിറ്റുണ്ട്. സുഗമ നല്ലൊരു പദ്ധതിയാണ്. ജനങ്ങൾ അംഗീകരിച്ചിട്ടുള്ളതുമാണ്.

പ്രൊഫ. എ. ഡി. മുസ്തഫ: ചിട്ടി പിടിക്കുന്ന ആളുകൾക്ക് 90 ദിവസംകൊണ്ട് ചിട്ടി തുക നൽകുമെന്നാണ് സാധാരണ പറയാറുള്ളത്. ആവശ്യമായ എല്ലാ രേഖകളും നൽകിയാൽപ്പോലും എന്റെ സ്വന്തം അനുഭവത്തിൽനിന്നും പലരുടേയും അനുഭവത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് തുക കിട്ടാൻ നാലും അഞ്ചും മാസം കഴിയും എന്നുള്ളതാണ്. ഇതിലുള്ള കാലതാമസം ഒഴിവാക്കാൻ ആവശ്യമായിട്ടുള്ള നിർദ്ദേശം നൽകാൻ കഴിയുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: എല്ലാ രേഖകളും കൊടുത്താൽ 90 ദിവസത്തിനകം കാശ് കൊടുക്കും. ബഹുമാനപ്പെട്ട മെമ്പർ, രേഖകൾ കൊടുത്തതിൽ എന്തെങ്കിലും കുറവുണ്ടാകും അതാണ് കൊടുക്കാതിരിക്കുന്നത്. അങ്ങനെ കുറവുണ്ടായിട്ട് കൊടുത്താൽ പിന്നീട് ആ തുക ഉദ്യോഗസ്ഥന്മാരുടെ കൈയിൽനിന്ന് പിരിക്കേണ്ടിവരും. അതുകൊണ്ടാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: പിടിക്കാത്ത ചിട്ടിയെ സംബന്ധിച്ചിടത്തോളം മുടങ്ങിയ ചിട്ടിത്തവണകൾക്ക് സ്വകാര്യ ചിട്ടി സ്ഥാപനങ്ങൾ പലിശ ഈടാക്കാതിരിക്കുകയും, വീതപ്പലിശ നൽകുകയും ചെയ്യുമ്പോൾ ഇതേ ആനുകൂല്യം കെ.എസ്.എഫ്.ഇ. നൽകാത്തതെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: ഞാൻ അത് പറഞ്ഞു. ബഹുമാനപ്പെട്ട പ്രൊഫസർ മുസ്തഫ ചോദിച്ചപ്പോൾ പറഞ്ഞു, 90 ദിവസം വേണം എന്ന്. ഇപ്പോൾ ചിട്ടിയിൽ ചേർന്ന് ചിട്ടി കിട്ടിയവർക്ക് അടുത്ത ദിവസം പണം കൊടുക്കും.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: അധികം ചിട്ടി കമ്പനികളും കേരളത്തിന് പുറത്ത് രജിസ്റ്റർ ചെയ്ത് കേരളത്തെ പറ്റിക്കുന്ന നിലയിലാണ് കാര്യങ്ങൾ നടത്തുന്നത്. ഇത്തരം ചിട്ടി കമ്പനികൾക്ക് കേരളത്തിനകത്ത് 20% ചിറ്റാളന്മാരുണ്ടെങ്കിൽ അത് കേരളത്തിനകത്ത് രജിസ്റ്റർ ചെയ്യണമെന്നാണ്. ആ ഭേദഗതി പുതിയ ബില്ലിൽ കൊണ്ടുവരുകയുണ്ടായി. അതിൻപ്രകാരം ഏതെങ്കിലും കമ്പനികൾ കേരളത്തിനകത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ? അങ്ങനെ രജിസ്റ്റർ ചെയ്യപ്പെട്ട കമ്പനികളിൽനിന്നും എന്തെങ്കിലും വരുമാനം നമ്മുടെ ഖജനാവിലേക്ക് എത്തിയിട്ടുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: സ്വകാര്യ ചിട്ടി കമ്പനിക്കാർ അത് മുഴുവൻ അംഗീകരിച്ചിട്ടില്ല. അതുകൊണ്ടാണ് അവരുമായിട്ട് ഡിസ്ക്കസ് ചെയ്യുന്നത്. നമുക്ക് പൂർണ്ണമായി ബോധ്യം വന്നാൽ മാത്രമേ അത് അംഗീകരിക്കാൻ പറ്റുകയുള്ളൂ. അതുകൊണ്ടാണ് അത് ഡിസ്ക്കസ് ചെയ്യണമെന്നു പറഞ്ഞത്.

ശ്രീ. ടി. എൻ. പ്രതാപൻ: നമ്മുടെ സംസ്ഥാനത്ത് നിരവധി പണമിടപാട് സ്ഥാപനങ്ങളും ചിട്ടി സ്ഥാപനങ്ങളും നിരവധി പാവപ്പെട്ടവരേയും സാധാരണക്കാരേയും വഞ്ചിക്കുകയും അവരുടെ ചെറിയ നിക്ഷേപങ്ങൾപോലും ചൂഷണം ചെയ്തുകൊണ്ടിരിക്കുകയുമാണ്. ഈ സന്ദർഭത്തിൽ കെ.എസ്.എഫ്.ഇ. കൂടുതൽ ബ്രാഞ്ചുകൾ തുടങ്ങി കൂടുതൽ ആളുകൾക്ക് ചിട്ടിയിൽ ചേരുവാനും ചിട്ടി വ്യവസ്ഥകളിൽ കൂടുതൽ ഇളവുകൾ വരുത്താനും ശ്രമിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: കൂടുതൽ ബ്രാഞ്ചുകൾ തുടങ്ങണമെന്നുള്ളതാണ് ബോർഡിന്റെ തീരുമാനം. കൂടുതൽ ബ്രാഞ്ചുകൾ തുടങ്ങും.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: ചിട്ടി പിടിച്ചിട്ട് പണം തിരിച്ച് അടയ്ക്കാത്ത ചിറ്റാളന്മാരുടെ കൈയിൽനിന്ന് ഏകദേശം എത്ര സംഖ്യ കേരള ഫിനാൻഷ്യൽ എന്റർപ്രൈസസിന് പിരിഞ്ഞു കിട്ടാനുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: ആകെ 55 കോടി ഉറുപ്പിക പിരിഞ്ഞു കിട്ടാനുണ്ട്. 8,064 കേസുണ്ട്. 2002-03-ൽ ഇരുപത്തിയാറര കോടി രൂപ കളക്ട് ചെയ്തിട്ടുണ്ട്. 2001-02-ൽ 17 കോടി ഉറുപ്പിക കളക്ട് ചെയ്തിട്ടുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: കെ.എസ്.എഫ്.ഇ.-യുടെ കണക്കുകളൊക്കെ അപ്ഡേറ്റ് ആക്കുന്ന കാര്യത്തിൽ കുറേ വീഴ്ച വന്നിട്ടുള്ളതായിട്ട് മനസ്സിലാക്കുകയാണ്. അതുകൊണ്ട് മോഡേണൈസേഷന്റെ ഭാഗമായി കംപ്ലീറ്റ് അക്കൗണ്ട് സിസ്റ്റവും കമ്പ്യൂട്ടർവൽക്കരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: കമ്പ്യൂട്ടർവൽക്കരിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. എം. എ. വാഹിദ്: കൃത്യമായ തവണകൾ അടയ്ക്കുന്നവരുടെ എണ്ണം വളരെ തുച്ഛമാണ്. ചിറ്റാളന്മാരെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി കൃത്യമായി തവണകൾ (40 തവണ അല്ലെങ്കിൽ 25 തവണ) അടയ്ക്കുന്നവർക്ക് പ്രത്യേക ബോണസ് കൊടുക്കുന്നത് കൃത്യമായി തവണകളടയ്ക്കാൻ ചിറ്റാളന്മാർക്ക് പ്രേരകമാകും. ഈ പദ്ധതി കെ.എസ്.എഫ്.ഇ.-യുടെ മുമ്പിൽ ഉണ്ടോ? ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: കൃത്യമായി പണം അടച്ചാൽ കൃത്യമായി ബോണസ് കൊടുക്കും. അത് കൊടുത്തില്ലെങ്കിൽ അത് പരിശോധിക്കുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, സ്വകാര്യ ചിട്ടിക്കമ്പനികളുടെ പ്രവർത്തനംകൊണ്ട് കെ.എസ്.എഫ്.ഇ.-ക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടെന്നും അത് സാമൂഹിക-സാമ്പത്തിക മേഖലകളെ പ്രതികൂലമായി ബാധിക്കുമെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. അതുപോലെ വളരെ വർഷങ്ങളായി, 100-ഉം, 150-ഉം വർഷങ്ങളായി ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചു കൊണ്ട് സമൂഹത്തിന്റെ വിശ്വാസമാർജ്ജിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന നല്ല ചില സ്ഥാപനങ്ങൾ നമ്മുടെ കേരളത്തിലുണ്ട്. തൃശ്ശൂർ ജില്ലയിൽത്തന്നെ ചിട്ടി സ്ഥാപനങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടുപോകുന്ന ഒരുപാട് സ്ഥാപനങ്ങളുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ 62 ചിട്ടി സ്ഥാപനങ്ങൾ വളരെ ഭംഗിയായി ഇന്നുവരെ ജനങ്ങളുടെ വിശ്വാസ മാർജ്ജിച്ചുകൊണ്ട് മുന്നോട്ടു പോകുന്നതായിട്ടുണ്ട്. നന്നായി നടത്തിക്കൊണ്ടുപോകുന്ന ഈ സ്വകാര്യ ചിട്ടി സ്ഥാപനങ്ങൾ നേരിടുന്ന ചില പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.അത് കെ.എസ്.എഫ്.ഇ.-യുടെ നടത്തിപ്പിനെ പ്രതികൂലമായ നിലയിൽ ബാധിക്കാതെയുള്ള കാര്യത്തിലാണ് പെടുത്തിയിട്ടുള്ളത്. ആ നിലയ്ക്ക് എല്ലാ സ്വകാര്യ സ്ഥാപനങ്ങളേയും അടച്ച് ആക്ഷേപിക്കുന്ന സാഹചര്യം ഉണ്ടാക്കാതെ നന്നായി പോകുന്ന സ്ഥാപനങ്ങളെ സംരക്ഷിക്കേണ്ട ബാധ്യത ഗവൺമെന്റിന് ഉണ്ടെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മി. സ്പീക്കർ: ഒരു നടപടിയുമില്ല സംരക്ഷിക്കാനായിട്ട്. എന്തു ചോദ്യങ്ങളൊക്കെയാണ് ചോദിക്കുന്നത്? സ്വകാര്യ കമ്പനികളെ സംരക്ഷിക്കുന്നതാണോ ഗവൺമെന്റിന്റെ ജോലി?

ശ്രീ. കെ. എ. ചന്ദ്രൻ: സർ, കെ.എസ്.എഫ്.ഇ. അംഗീകാരവും വിശ്വാസവുമുള്ള ചിട്ടി സ്ഥാപനമായി വളർന്നു വന്നിട്ടുണ്ട്. അതിലെ ചിറ്റാളന്മാർ ഏറിയകൂറും സർക്കാർ ജീവനക്കാരോ സ്ഥിര വരുമാനമുള്ള ആളുകളോ ആണ്. അതേ അവസരത്തിൽ സമ്പാദ്യ ശീലം വർദ്ധിപ്പിക്കാൻ താഴെത്തട്ടിലേയ്ക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാൻ സ്വയം സഹായകസംഘം, മിൽക്ക് സൊസൈറ്റികൾ എന്നിവയെ ഏജന്റുമാരായി എടുത്ത് ഇവർ മുഖേന സമ്പാദ്യശീലം വളർത്താനും ചിറ്റാളന്മാരായി ആളുകളെ കൊണ്ടുവരുന്നതിനുമുള്ള ഏർപ്പാടിനുവേണ്ടി ശ്രമിക്കുമോ?

മി. സ്പീക്കർ: എന്ത് ചോദ്യമാ ചന്ദ്രാ ചോദിക്കുന്നത്? എന്നും ഒരേ ചോദ്യമാണോ ചോദിക്കുന്നത്.

ശ്രീ. കെ. ശങ്കരനാരായണൻ: അതേക്കുറിച്ച് ആലോചിക്കാം.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ചിട്ടിയിൽ ചേരുന്ന ആളുകൾ ചിട്ടി പിടിക്കുന്നതിനു മുമ്പ് കുട്ടികളുടെ വിവാഹത്തിനോ, വിദ്യാഭ്യാസത്തിനോ, മറ്റോ പണം ആവശ്യം വന്നാൽ ചിട്ടിയിൽനിന്ന് ലോൺ എടുക്കുന്നതിന് സ്കീം ഉണ്ട്. ചിറ്റാളന്മാർത്തന്നെ പാവപ്പെട്ട വരാണ്. ഇങ്ങനെ ലോണെടുത്ത് ആവശ്യങ്ങൾ നിറവേറ്റുന്നതിന് അവരിൽനിന്നും ഈടാക്കുന്ന പലിശ വളരെ കൂടുതലാണ്. അങ്ങനെ എടുക്കുന്ന ലോണിന്റെ പലിശ കുറവു ചെയ്യുന്നതിന് തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: അവർക്ക് ലോൺ കൊടുക്കുന്നുണ്ട്. അതിന് പലിശ കൂടുതലാണെങ്കിൽ എന്താണ് വേണ്ടത് എന്നു പരിശോധിച്ച് കുറവു ചെയ്യാം.

ശ്രീ. എൻ. ശക്തൻ: സർ, കെ.എസ്.എഫ്.ഇ. ഇപ്പോൾ ഏതെല്ലാം സലകൾക്കുള്ള ചിട്ടികളാണ് നടത്തുന്നത്? ഇതിൽ ഏറ്റവും കൂടുതൽ പ്രയോജനമുള്ള സല ഏതാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ചിട്ടികൾ പലവിധത്തിലുണ്ട്. വളരെയധികം നമ്പർ ചിട്ടികൾ നടത്തുന്നുണ്ട്. കച്ചവടക്കാർക്ക് 50,000-ന്റെ ചിട്ടികളുണ്ട്, 5 ലക്ഷത്തിന്റെ ചിട്ടി കളുണ്ട്, 2 ലക്ഷത്തിന്റെ ചിട്ടികളുണ്ട്, ദിവസേനയുള്ളതുണ്ട്, മാസമുള്ളതുണ്ട്, ആഴ്ചയി ലുള്ളതുണ്ട്. ചിട്ടികളിലെല്ലാം അടയ്ക്കുന്ന ആളുകളുടെ ശേഷി അനുസരിച്ചാണല്ലോ.

"സംസ്ക്കാര" പദ്ധതി

*2 [885] ശ്രീ. പി. കെ. കെ. ബാവ:
,, യു. സി. രാമൻ:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "സംസ്ക്കാര" എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതലാണ് ഇതാരംഭിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ?

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഉണ്ട്.

(ബി) 11-7-2003-ൽ സംസ്ഥാനതല ഉദ്ഘാടനം നടന്നു.

(സി) നമ്മിൽനിന്നും അന്യമായിക്കൊണ്ടിരിക്കുന്ന സൗഹൃദം, സ്നേഹം, സമഭാവന തുടങ്ങിയവ മടക്കിക്കൊണ്ടുവരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിന് സാംസ്ക്കാരിക ഉന്നമനം നേടുകയേ പോംവഴിയുള്ളൂ. നാം മറന്നുപോയ നമ്മുടെതന്നെ പൈതൃകം വീണ്ടെടുക്കുക എന്നുള്ളതാണ് ആവശ്യം. ഇതിന് ഉതകുന്ന പ്രചരണം എല്ലാ ജനങ്ങളുടേയും സഹകരണത്തോടെ സംഘടിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. സംസ്ഥാനത്തെ സാംസ്ക്കാരിക സ്ഥാപനങ്ങൾ വഴിയാണ് ഈ പ്രചരണ പരിപാടി സംഘടി പ്പിക്കുന്നത്. എല്ലാ സാംസ്ക്കാരിക സ്ഥാപനങ്ങളുടേയും കൂട്ടായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചാണ് ഇത് നടത്തുന്നത്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്ത് ഇപ്പോൾ എത്ര സാംസ്ക്കാരിക സംഘടനകൾ പ്രവർത്തിക്കുന്നുണ്ട് എന്നുള്ള കണക്ക് ഗവൺമെന്റ് ശേഖരിച്ചിട്ടുണ്ടോ? ഇല്ലെ ങ്കിൽ സംസ്ഥാനത്തെ വിവിധ സാംസ്ക്കാരിക സ്ഥാപനങ്ങളുടെ കണക്കുകൾ ശേഖരിച്ചു കൊണ്ട് പ്രസ്തുത സംഘടനകളെയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് സാംസ്ക്കാരിക പദ്ധതി യുടെ പരിധിയിൽ ഉൾപ്പെടുത്തി നമ്മുടെ നാട്ടിൽ സമാധാനവും സൗഹൃദവും കെട്ടിപ്പടുക്കു ന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly